പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 177 06.07.2015 ൽ മറുപടിക്ക്

# എയർ കേരള

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.എ.മാധവൻ:<br>,, ഐ.സി.ബാലകൃഷ്ണൻ:<br>,, വി.പി.സജീന്ദ്രൻ : | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | എയർ കേരള ആഭ്യന്തര സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കുമോ ; | (എ) യും<br>(ബി) യും<br>(സി) യും | പ്രവാസിമലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞ ചിലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർ നാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൽട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് മൂന്ന് പ്രധാന വിമാനത്താവളങ്ങളായ തിരുവനന്തപുരം, കൊച്ചി കോഴിക്കോട് എയർപോർട്ടുകളും ദക്ഷിണേന്ത്യയിലെ മറ്റു വിമാനത്താവളങ്ങളായ കോയമ്പത്തൂർ, മധുര, തൃച്ചി, ബാംഗ്ലൂർ, ചെന്നൈ വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചാണ് പദ്ധതി |
| (ബി) | ഏതൊക്കെ വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചായിരിക്കും ആഭ്യന്തര സർവ്വീസ് നടത്തുകയെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | ഗൾഫ് സർവ്വീസിന് അനുമതി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ മറുപടി ലഭ്യമായെങ്കിൽ മാത്രമേ മറ്റുകാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയൂ. അന്തർദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന പേരിൽ International Budget Air അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് 08.06.2015 ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. |
| (ഡി) | ആഭ്യന്തര സർവ്വീസ് വിപുലപ്പെടുത്തുന്നതിനായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ വിശദമാക്കാമോ ? | (ഡി) | സംസ്ഥാന സർക്കാരിന്റെ വിവിധങ്ങളായ ഇളവുകളോടെയും സൗജന്യങ്ങളോടെയും Guaranteed load ഉറപ്പാക്കിയും Low Cost Air Line Service നടത്തിയാണ് ആഭ്യന്തര സർവ്വീസ് വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ